(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പുതിയ വില്ലേജ് രൂപീകരണം

1 [553] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വില്ലേജുകൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും പുനഃസംഘടന സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിച്ചശേഷം ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ നടപടി

2 [554] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ വില്ലേജാഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുവാൻ പരിപാടിയുണ്ടോ;

(ബി) തൃശ്ശൂർ ജില്ലയിലെ ഏതെല്ലാം വില്ലേജാഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തി എന്നറിയിക്കാമോ;

(സി) മാള നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളും എന്നത്തേയ്ക്ക് കമ്പ്യൂട്ടർവൽക്കരിക്കും എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) വില്ലേജ് ഓഫീസുകൾ ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ സജീവപരിഗണനയിലാണ്.

(ബി) തൃശ്ശൂർ ജില്ലയിലെ വില്ലേജ് ഓഫീസുകളിൽ ഒന്നുംതന്നെ കമ്പ്യൂട്ടർവൽക്കരണം നടത്തിയിട്ടില്ല.

(സി) ഇതു സംബന്ധിച്ച് അന്തിമ ഉത്തരവുണ്ടാവുകയും, ഫണ്ടും മറ്റു സംവിധാനങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ വില്ലേജാഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly